# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2369 — 09.12.2014-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക് | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |

### സ്റ്റേറ്റ് ടാക്സ് ആന്റ് ഡ്യൂട്ടീസ്

| | | |
|---|---|---|
| (എ) | 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സ്റ്റേറ്റ് ടാക്സ് ആന്റ് ഡ്യൂട്ടീസ് ഇനത്തിൽ ലക്ഷ്യമിട്ട തുക എത്രകോടി രൂപയാണ്; ഇത് മുൻ സാമ്പത്തിക വർഷം യഥാർത്ഥത്തിൽ ലഭിച്ചതിന്റെ എത്ര ശതമാനം അധിക തുകയായി രുന്നു; | 2014-15 ലെ സംസ്ഥാന ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സ്റ്റേറ്റ് ടാക്സ് ആന്റ് ഡ്യൂട്ടീസ് ഇന ത്തിൽ ലക്ഷ്യമിട്ട വരുമാനം 42467.49 കോടി രൂപയാണ്. ഇത് 2013-14 ൽ ഈ ഇനത്തിൽ ലഭിച്ച വരുമാനത്തേക്കാൾ 32.73% കൂടുതലാണ്. |
| (ബി) | 2014-15 ൽ നാളിതുവരെ ലഭിച്ച തുക എത്ര; മുൻ സാമ്പത്തിക വർഷത്തെ ഇതേ കാലയളവിൽ ലഭിച്ച തുക എത്ര; മുൻവർഷം ഇക്കാലയളവിൽ ലഭിച്ചതിന്റെ എത്ര ശതമാനം തുക ഈ വർഷം ഇതിനകം ലഭിക്കുകയുണ്ടായി; വിശദമാക്കാമോ; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കു കൾ പ്രകാരം നടപ്പു സാമ്പത്തിക വർഷം ഒക്ടോബർ മാസം അവസാനിക്കുമ്പോൾ സ്റ്റേറ്റ് ടാക്സ് ആന്റ് ഡ്യൂട്ടീസ് ഇനത്തിൽ ലഭിച്ച വരുമാനം 19830.23 കോടി രൂപയാണ്. മുൻ സാമ്പത്തിക വർഷം സമാന കാലയള വിൽ ഈ ഇനത്തിൽ ലഭിച്ചത് 17936.78 കോടി രൂപയാണ്. മുൻ വർഷത്തെ സമാന കാലയള വുമായി താരതമ്യപ്പെടുത്തുമ്പോൾ നടപ്പു സാമ്പത്തിക വർഷം ഒക്ടോബർ മാസം അവ സാനിക്കുമ്പോൾ സ്റ്റേറ്റ് ടാക്സസ് ആന്റ് ഡ്യൂട്ടിയിൽനിന്നും ലഭിച്ച വരുമാനത്തിൽ 10.56% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (സി) | ബഡ്ജറ്റിൽ ആദ്യ പകുതി വർഷം ലക്ഷ്യമിട്ടതിന്റെ എത്ര ശതമാനം നികുതി യഥാർത്ഥത്തിൽ ലഭിക്കു കയുണ്ടായി ? | ബഡ്ജറ്റ് എസ്റ്റിമേറ്റു പ്രകാരം 2014-15 സാമ്പ ത്തിക വർഷം സ്റ്റേറ്റ് ടാക്സ് ആന്റ് ഡ്യൂട്ടീസ് ഇനത്തിൽ പ്രതീക്ഷിക്കുന്ന ആകെ വരുമാന ത്തിന്റെ 40 ശതമാനം സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ